**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**
**നളന്ദ, തിരുവനന്തപുരം 695003**

നമ്പർ: ഇ2/818/2022/സിൽ

26.12.2023

## ലഘുക്വട്ടേഷൻ നോട്ടീസ്

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്-വിജ്ഞാനമുദ്രണം പ്രസ്സിലെ പ്രിന്റിംഗ് സെക്ഷനിലേക്ക് എ.സി സജ്ജീകരിക്കുന്നതിനായി പ്രസ്സ് റൂമിൽ അത്യാവശ്യ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു. സീൽ ചെയ്ത ക്വട്ടേഷനുകൾ 01.01.2024 2 മണിക്ക് മുമ്പായി ഇൻസ്റ്റിറ്റ്യൂട്ട് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ നേരിട്ട് ഏൽപ്പിക്കേണ്ടതാണ്. നിശ്ചിത സമയ പരിധിക്കകം ലഭിക്കുന്ന ക്വട്ടേഷനുകൾ അന്നേ ദിവസം മൂന്ന് മണിക്ക് തുറന്നു പരിശോധിക്കുന്നതും ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്തിട്ടുള്ള വ്യക്തികൾ/സ്ഥാപനങ്ങൾക്ക് ക്വട്ടേഷൻ ഉറപ്പിച്ച് നൽകുന്നതുമാണ്. നിശ്ചിത സമയപരിധി കഴിഞ്ഞ് സമർപ്പിക്കുന്ന ക്വട്ടേഷനുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. പ്രസ്തുത ജോലികൾ നടക്കുന്ന സമയത്ത് ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കും. ജോലികൾ സംബന്ധിച്ച് വിശദവിവരങ്ങൾ അറിയിക്കുന്നതിന് കാര്യാലയത്തിന്റെ പ്രവർത്തി സമയത്ത് സീനിയർ സൂപ്രണ്ട് ഇൻ-ചാർജുമായി ബന്ധപ്പെടാവുന്നതാണ്. ക്വട്ടേഷന് സീൽ ചെയ്ത കവറിനുമുകളിൽ "കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ എ.സി വർക്ക് സജ്ജീകരണ ജോലികൾക്കുള്ള ക്വട്ടേഷൻ" എന്ന് നിർബന്ധമായും ചേർക്കണം. ചെയ്യുന്ന ജോലികൾ തൃപ്തികരമാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കും തുക അനുവദിക്കുന്നത്.

**ഡോ. സത്യൻ. എം**
**ഡയറക്ടർ**